**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**02.03.2017-ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം. 1429**

**ഫിഷിംഗ് ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലെ കാലതാമസം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൽദോസ് കുന്നപ്പിള്ളി** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കലിൽ സ്ഥാപിച്ചിട്ടുള്ള ഫിഷിംഗ് ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കലിൽ നബാർഡ് ധനസഹായത്തോടെ നിർമ്മിച്ച വലിയഴീക്കൽ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തിയിൽ ഡ്രഡ്ജിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തികൂടി നടപ്പിലാക്കിയെങ്കിൽ മാത്രമെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. നബാർഡ് സ്കീമിൽ അംഗീകാരം ലഭിച്ച പദ്ധതിയിൽ ഹാർബറിനോട് ചേർന്നുള്ള വാർഫിന്റെ മുൻഭാഗം ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തിയാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ടി ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ അപ്രോച്ച് ചാനലും ബേസിനും കൂടി ഡ്രഡ്ജ് ചെയ്യണമെന്ന് തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടുകൊണ്ട് ഡ്രഡ്ജിംഗ് പ്രവൃത്തി തടസ്സപ്പെടുത്തുകയുണ്ടായി. തുടർന്ന് അപ്രോച്ച് ചാനലും ബേസിനും കൂടി ഡ്രഡ്ജ് ചെയ്യുന്നതിന് 50 ലക്ഷം രൂപയുടെ അഡീഷണൽ ഫണ്ട് നൽകിയതനുസരിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യബന്ധനത്തിനും വിപണനത്തിനും പ്രയോജനകരമായ രീതിയിൽ പ്രസ്തുത ഫിഷിംഗ് ഹാർബർ വികസിപ്പിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | വലിയഴീക്കൽ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ അധിക സൗകര്യ വികസന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തിയാകുമ്പോൾ ഫിഷിംഗ് ഹാർബർ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ